**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ പാളയത്തുള്ള ഹെൽത്ത് സർക്കിൾ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന - രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ. മൂസ്സക്കുട്ടി , രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി.കെ. പ്രമോദ് , സാനിട്ടറി വർക്കർ ശ്രീ.എ. ശേഖരൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 29/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 05.01.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.05.2015 തീയതിയിലെ ഇ 12(എസ്.സി 24/ 2014/ KKD) 4332/ 2015 നം. കത്ത്

2.സർക്കാരിന്റെ 12.01.2016 തീയതിയിലെ 13639/ ഇയു2/ 15/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 24.10.2018 തീയതിയിലെ വി2-1780/ 2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ , കോഴിക്കോട് യൂണിറ്റ് 20/ 06/ 2014 തീയതിയൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ പാളയത്തുള്ള ഹെൽത്ത് സർക്കിൾ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് പരാമർശം ഒന്ന് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കെ മൂസ്സക്കുട്ടി, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.വി.കെ.പ്രമോദ്,സാനിട്ടറി വർക്കർ ശ്രീ. എ. ശേഖരൻ എന്നിവർക്ക് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. വിജിലൻസിന്റെ പരിശോധന പ്രകാരം ഏകദേശം 1500 ഓളം ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിരുന്നില്ലെന്നും 16/ 06/ 2014 മുതൽ തുടർച്ചയായി 4 ദിവസം കോമ്പൻസേറ്ററി ഓഫ് വിനിയോഗിച്ചു എന്നതുമാണ് ശ്രീ.വി.കെ പ്രമോദിന്റെ പേരിൽ ചുമത്തിയിട്ടുള്ള കുറ്റം. കുറ്റപത്രത്തിന് ശ്രീ.പ്രമോദ് ലഭ്യമാക്കിയ മറുപടിയിൽ 16/ 06/ 2014 തീയതിയിൽ ആഫീസിലേയ്ക്ക്

പോകുന്ന സമയത്ത് ടിയാന്റെ മകന് അസുഖമായതിനാൽ പെട്ടെന്ന് എത്തണമെന്നറിയിച്ചതിനെത്തുടർന്ന് തിരിച്ചു പോകുകയും ടി വിവരം ഉടനടി ഫോൺ മുഖേന ഹെൽത്ത് ഇൻസ്പെക്ടറെ അറിയിച്ചിരുന്നതായും ടിയാന്റെ ക്രഡിറ്റിലുള്ള കാഷ്വൽ അവധി/ കോമ്പൻസേറ്ററി ഓഫ് എന്നിവയിൽ ഏതെങ്കിലും പരിഗണിക്കണമെന്ന് അറിയിച്ചിട്ടുള്ളതുമാണെന്ന് രേഖപ്പെടുത്തിയിരുന്നു. കൂടാതെ രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരിൽ ഒരാൾ മാത്രമാണ് ഉണ്ടായിരുന്നതെന്നും മെയ്, ജൂൺ മാസങ്ങളിൽ ലൈസൻസ് അപേക്ഷകൾ മൊത്തമായാണ് തുടർനടപടിക്കായി മെയിൻ ഓഫീസിൽ നിന്നും ലഭിക്കുന്നതെന്നും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ കുറവ് മൂലമുണ്ടായ അധിക ജോലിയും പകർവ്യാധികൾ തടയുന്നതിനുള്ള ആരോഗ്യ പ്രവർത്തനങ്ങളും ഒരാൾതന്നെ ചെയ്യേണ്ടി വന്നതും ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് തടസ്സം നേരിടാൻ കാരണമായിട്ടുണ്ടെന്നും ശ്രീ. പ്രമോദിന്റെ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു .

3. റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ശ്രീ. പ്രമോദിന്റെ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഒരു പരിധിവരെ വസ്തുതാപരമാണെന്നും എന്നാൽ ടിയാൻ പിന്നീടും രേഖാമൂലം അവധി അപേക്ഷ നൽകിയിട്ടില്ലെന്നും ആയത് ശരിയായ നടപടിയായി കാണാനാവില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടിയാന്റെ മേൽ ലീവ് നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ക്രമീകരിക്കുന്നതിന് നിർദ്ദേശിക്കാവുന്നതും തുടർനടപടികൾ ഒഴിവാക്കാവുന്നതുമാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു .

4. കോർപ്പറേഷൻ ഓഫീസിൽ നിന്നും മൊത്തമായി ലൈസൻസ് അപേക്ഷാ ഫോറങ്ങൾ വാങ്ങി വിവിധ ആവശ്യങ്ങൾക്ക് ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് വിൽപ്പന നടത്തുന്നതായും ഈ നടപടി ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അച്ചടക്ക ലംഘനമാണ് എന്നതുമാണ് സാനിട്ടറി വർക്കറായിരുന്ന ശ്രീ. ശേഖരന്റെ പേരിൽ ചുമത്തപ്പെട്ട കുറ്റം . ആയതിന് ടിയാൻ നൽകിയ മറുപടിയിൽ ടി ആരോപണം ശരിയല്ലെന്നും പരിചയമുള്ള ഒരു കച്ചവടക്കാരൻ പിന്നീട് എടുക്കാമെന്ന് പറഞ്ഞ് ഏൽപ്പിച്ച ഏതാനും കടലാസുകൾ താൻ ഇരിക്കുന്ന സ്ഥലത്ത് നിന്നും വിജിലൻസ് എടുത്തെന്നും ആയത് അപേക്ഷാ ഫോമുകളായിരുന്നുവെന്ന് വാങ്ങി വെക്കുമ്പോൾ അറിയില്ലായിരുന്നുവെന്നും, അറിവില്ലായ്മ കൊണ്ടാണ് അപ്രകാരം വാങ്ങിവച്ചതെന്നും ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ച മാപ്പാക്കണമെന്നും തുടർ നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു .

5. റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ശ്രീ. ശേഖരന്റെ വിശദീകരണം വേണ്ടത്ര വസ്തുതാപരമാണെന്ന് കാണുന്നില്ലെന്നും ബന്ധപ്പെട്ട സർക്കിൾ ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കെ മൂസക്കുട്ടിയുടെ വിശദീകരണത്തിൽ ഒരു തവണ ശ്രീ. ശേഖരൻ 5/- രൂപ വിലയുള്ള ഫോറം 7/- രൂപയ്ക്ക് സർക്കിൾ ഓഫീസിൽ നിന്നും വിൽപ്പന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ടിയാന് താക്കീത് നൽകിയിട്ടുള്ളതുമാണെന്ന് പറഞ്ഞിട്ടുള്ളതായും ആയതിനാൽ ഇത്തരം നടപടികൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ടിയാന് കർശനമായ താക്കീത് നൽകാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

6. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാതിരുന്നതും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി.കെ.പ്രമോദിന് 4 ദിവസം തുടർച്ചയായി കോമ്പൻസേറ്ററി ഓഫ് അനുവദിച്ചതും ആയിരത്തിഅഞ്ഞൂറോളം ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്നതും സാനിട്ടറി വർക്കർ ശ്രീ.ശേഖരൻ പണം ലഭിക്കുന്നതിന് അപേക്ഷാഫോറം വിൽപ്പന നടത്തിയതും സൂപ്പർവൈസറി ഓഫീസറുടെ ഭാഗത്തുള്ള വീഴ്ചയാണെന്നുള്ളതാണ് ശ്രീ .കെ. മൂസക്കുട്ടിക്കെതിരായ ആരോപണം. മേൽ കുറ്റാരോപണത്തിന് ടിയാൻ നൽകിയ വിശദീകരണത്തിൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ആയത് വിജിലൻസ് പരിശോധനാ സമയം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പ്രമോദിന്റെ കസ്റ്റഡിയിലായിരുന്നുവെന്നും ടിയാൻ അടിയന്തരാവശ്യത്തിന് ലീവായിരുന്നതിനാലാണ് രജിസ്റ്റർ ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറാൻ കഴിയാതിരുന്നതെന്നും ശ്രീ.പ്രമോദിന് ടിയാന്റെ മകന്റെ അസുഖം കാരണം അത്യാവശ്യമായതിനാലാണ് 4 ദിവസത്തെ കോമ്പൻസേറ്ററി ഓഫ് നൽകിയതെന്നും ഒരു തവണ 4 ദിവസത്തെ കോമ്പൻസേറ്ററി ഓഫ് നൽകരുതെന്ന് അറിയില്ലായിരുന്നുവെന്നും ടി ദിവസം അർഹതപ്പെട്ട ഏൺഡ് ലീവ് ആക്കി മാറ്റുന്നതിന് ലീവ് അപേക്ഷ കോർപ്പറേഷൻ ഓഫീസിലേയ്ക്ക് അയക്കുന്നതിനും സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനും ശ്രീ. പ്രമോദിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ശ്രീ. ശേഖരനെ തപാലുകൾ കോർപ്പറേഷൻ ആഫീസിലേയ്ക്ക് എത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും ഒരിക്കൽ ടിയാൻ ഫോറം വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ട അവസരത്തിൽ ടിയാന് താക്കീത് നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ ഇത്തരം പ്രവർത്തികൾക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഉത്തരവാദിയല്ലെന്നും ടിയാനെ തപാൽ എത്തിക്കുന്നതല്ലാതെ മറ്റ് ജോലികളൊന്നും ഏൽപ്പിച്ചിട്ടില്ലെന്നും ആയിരത്തിഅഞ്ഞൂറോളം ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങളും വിശദീകരിക്കുന്നു

7. പ്രസ്തുത കാലയളവിലെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് നിലവിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ചന്ദ്രൻ അറിയിക്കുകയുണ്ടായി എന്നും ആയതിനാൽ തന്നെ അപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നുവെന്ന് ഉറപ്പ് പറയാൻ കഴിയില്ലെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016 മുതൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയതായും അപേക്ഷകൾ ഡി ആന്റ് ഒ രജിസ്റ്റർ രേഖപ്പെടുത്തി പിന്നീട് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും വിശദീകരണത്തിലെ മറ്റു കാര്യങ്ങൾ ഏറെക്കുറെ അംഗീകരിക്കത്ത ക്കതാണെന്നും കാണുന്നതിനാൽ ശ്രീ. മൂസ്സക്കുട്ടിയുടെ പേരിലുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിരുന്നു .

8. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പൂർണ്ണമായും അംഗീകരിക്കാൻ കഴിയില്ലായെന്നും ശ്രീ.പ്രമോദ് നാളിതുവരെ രേഖാമൂലം അവധി അപേക്ഷ

നൽകിയിട്ടില്ലാത്തതും ജോലിഭാരം മൂലമാണ് ആയിരത്തിഅഞ്ഞൂറോളം ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ നടപടി സ്വീകരിക്കാതിരുന്നതെന്നുമുള്ള മറുപടി അംഗീകരിക്കത്തക്കതല്ലായെന്നും അതുപോലെതന്നെ സാനിട്ടറി വർക്കർ ശ്രീ. ശേഖരൻ പണം ലഭിക്കുന്നതിനു വേണ്ടി അപേക്ഷാഫോറം വിൽപ്പന നടത്തിയത് ഗുരുതരമായ കൃത്യവിലോപമാണ് എന്നും മേൽ ജീവനക്കാരുടെ ഭാഗത്തുണ്ടായ വീഴ്ചയ്ക്ക് സൂപ്പർവൈസറി ഓഫീസറായ ശ്രീ. മൂസ്സക്കുട്ടി ഉത്തരവാദിയാണെന്നതിനാൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ. മൂസ്സക്കുട്ടി, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ.വി.കെ. പ്രമോദ്, സാനിട്ടറി വർക്കർ ശ്രീ.എ.ശേഖരൻ എന്നീ ജീവനക്കാർക്കെതിരെ ഉചിതമായി തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടറുടെ അഭിപ്രായപ്പെട്ടിരുന്നു.

9. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോ, പ്രതിവാദപത്രിക, കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവയുടെയടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ ആരോപണ വിഷയത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ.മൂസ്സക്കുട്ടി, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. വി.കെ പ്രമോദ്, സാനിട്ടറി വർക്കർ ശ്രീ.എ.ശേഖരൻ എന്നീ ജീവനക്കാരുടെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായി കാണുന്നു.

10. മേൽ സാഹചര്യത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ.മൂസ്സക്കുട്ടി, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. വി.കെ പ്രമോദ്, സാനിട്ടറി വർക്കർ ശ്രീ.എ.ശേഖരൻ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ഇവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.കെ.മൂസ്സക്കുട്ടി, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, കോഴിക്കോട് കോർപ്പറേഷൻ
ശ്രീ. വി.കെ.പ്രമോദ്, രണ്ടാംഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,
കോഴിക്കോട് കോർപ്പറേഷൻ
ശ്രീ.എ.ശേഖരൻ, സാനിട്ടറി വർക്കർ, കോഴിക്കോട് കോർപ്പറേഷൻ
വിജിലൻസ് വകുപ്പ് (27.11.2018 ലെ VIG D1/1089/2018-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ